ഉത്തരം

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട 19 വയസ്സോ അതിന് മുകളിലോ പ്രായമുള്ള ഗർഭിണികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ആശുപത്രികളിൽവച്ചു നടക്കുന്ന ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് (ജീവനുള്ള കുഞ്ഞിനെ പ്രസവിക്കുമ്പോൾ) 700 രൂപവീതം ധനസഹായം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആശുപത്രികളിലുള്ള പ്രസവം പ്രോൽസാഹിപ്പിക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, ആശുപത്രിയിലേക്കുള്ള യാത്രാച്ചെലവ് വഹിക്കുക എന്നീ കാര്യങ്ങൾ ഉദ്ദേശിച്ചുകൊണ്ടാണ് ധനസഹായം നൽകുന്നത്.

ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കാൻ നടപടി

116 [2548] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗചികിത്സയുടെ വളർച്ചയ്ക്കനുസരണമായി ഗവേഷണ ചികിത്സാഫലങ്ങൾ എല്ലാപേർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന് എത്ര കോടി രൂപ ചെലവുവരും; ഇതിനാവശ്യമായ തുക എങ്ങനെ കണ്ടെത്തും; എന്നേക്ക് ഇത് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-11-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 292/2002/ആകുവ. പ്രകാരം ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്ക് അതിനൂതനങ്ങളായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി കേരള ഹാർട്ട് ഫൗണ്ടേഷന്റെ കീഴിൽ ഈ സൗകര്യങ്ങൾ ഉൾപ്പെടുത്തി ഒരു 'കാർഡിയോ വാസ്കുലാർ ഇൻസ്റ്റിറ്റ്യൂട്ട്' തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ 3.78 ഏക്കർ സ്ഥലം ഹാർട്ട് ഫൗണ്ടേഷൻ ഡയറക്ടറുടെ പേരിൽ പതിച്ചുനൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ട തുക സമാഹരിക്കുവാൻ ശ്രമിച്ചുവരുന്നു. സി.വി.ഐ.-ന്റെ നിർമ്മാണത്തിനും നടത്തിപ്പിനുംവേണ്ട തുക മുഴുവൻ ലഭ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഇതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിലുള്ള കാർഡിയോളജിവിഭാഗം ഹാർട്ട് ഫൗണ്ടേഷന്റെ ബേസിക് യൂണിറ്റായി പ്രവർത്തിക്കുന്നതാണ്.

(സി) ഹാർട്ട് ഫൗണ്ടേഷന്റെ ആദ്യഘട്ട നിർമ്മാണത്തിന് 34.70 കോടി രൂപ യാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ സ്ഥലവില ഉൾപ്പെടെ 11.70 കോടി രൂപ സർക്കാർ ധനസഹായമായി നൽകും. ബാക്കി 23 കോടി രൂപ ബാങ്കുകളിൽനിന്നോ മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നോ വായ്പയായി എടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

117 [2549] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) നിർമ്മാർജ്ജനം ചെയ്യപ്പെട്ടതായി കരുതിയിരുന്ന ഏതെല്ലാം പകർച്ചവ്യാധികളും രോഗങ്ങളുമാണ് ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്നത്;

(സി) അവ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പ്രവർത്തനരഹിതമായിക്കിടന്ന ആശുപത്രികെട്ടിടങ്ങൾ പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചു.
- പുതിയ ഔഷധനയം പ്രഖ്യാപിച്ചു.
- മൂന്ന് റീജിയണൽ ഡയഗ്നോസ്റ്റിക് ലാബുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.
- സ്പെഷ്യാലിറ്റി കേഡർ സംവിധാനം നടപ്പിലാക്കി.
- പ്രജനന-ശൈശവ ആരോഗ്യ പരിപാടിയുടെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി.

GPM. 2/588/2012—19

LIBRARY ARCHIVES Kerala Legislative Assembly